## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – മലപ്പുറം ജില്ല – കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ 2011-12, 2012-13 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.16(3) പ്രകാരം തടസ്സപ്പെടുത്തിയ 42,000/- (നാല്പത്തി രണ്ടായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം. 1985/2019/തസ്വഭവ. തിരുവനന്തപുരം, തീയതി.16/09/2019.

---

പരാമർശം:-
1) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6/01/2018 ലെ എ.1-3940/16 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 11/10/2018 ലെ പിഎഎൻ/22886/18-എം3(ഡിപി) നമ്പർ കത്ത്.
3) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21/05/2019 ലെ ഡി.കെ.എസ്.എ./ 1486/2019/പിറ്റി-3 നമ്പർ കത്ത്.

## ഉത്തരവ്

എയ്ഡഡ്/സർക്കാർ സ്കൂളുകൾക്ക് അനുവദിച്ച വിജയഭേരി ഒഴികെയുള്ള പ്രവർത്തനങ്ങളായ പ്രവേശനോൽസവം, പത്രത്തിന്റെ ചെലവ് എന്നിവ എയ്ഡഡ് സ്കൂളുകൾ പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങൾ അല്ലാത്തതിനാലും സർക്കാർ സ്കൂളുകൾക്ക് പ്രസ്തുത തുക തനത്ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് പകരം പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിച്ചതിനാലും 2011-12 ലെ 21,000/- രൂപയുടെ ചെലവും 2012-13 ലെ 21,000/- രൂപയുടെ ചെലവും ഉൾപ്പെടെ ആകെ 42,000/- രൂപ മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.16(3) പ്രകാരം തടസ്സപ്പെടുത്തിയിരിക്കുന്നു.

2. പഞ്ചായത്തിനെ ഒരൊറ്റ യൂണിറ്റായി കണ്ടും ആകെയുള്ള 14 സ്കൂളുകളിൽ ഗവ: സ്കൂളുകളിലേയ്ക്ക് മാത്രമായി പ്രൊജക്ട് പരിമിതപ്പെടുത്തുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാവില്ല എന്ന ഉത്തമബോദ്ധ്യമുള്ളതിനാലാണ് ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മുഴുവൻ വിദ്യാർത്ഥികളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയത് എന്നും സദുദ്ദേശത്തോടെ ചെയ്ത കാര്യമായതിനാലും ഇക്കാര്യത്തിൽ സ്വകാര്യ സ്കൂളിലെ കുട്ടികൾക്കും കൂടെയാണ് പ്രയോജനമുണ്ടായത് എന്നതിനാലും സ്കൂളുകൾക്ക് യാതൊരു നേട്ടവും ഉണ്ടായിട്ടില്ല എന്നു മാത്രമല്ല പഞ്ചായത്തിനോ സർക്കാരിനോ യാതൊരു നഷ്ടവും ഈ പ്രവൃത്തി മുഖേന ഉണ്ടായിട്ടില്ല എന്നതിനാലും ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

3. പഞ്ചായത്ത് ഭരണസമിതിയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും പഞ്ചായത്ത് ഡയറക്ടറും സാധൂകരണ അപേക്ഷയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനം എന്നിവ പരിഗണിച്ച് തടസ്സങ്ങൾക്ക് സാധൂകരണം നൽകാവുന്നതാണെന്ന് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

4. ഈ സാഹചര്യത്തിൽ, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ അനുകൂല ശിപാർശ കണക്കിലെടുത്ത് മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ 2011-12, 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.16(3) പ്രകാരം തടസ്സപ്പെടുത്തിയ 42,000/- രൂപയ്ക്ക് (നാല്പത്തി രണ്ടായിരം രൂപ മാത്രം) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജെയ്സി പോൾ
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ